**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5292** **21-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരത്തെ ടെക്നോളജി ഹബ്ബാക്കി മാറ്റാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തെ ടെക്നോളജി ഹബ്ബാക്കി മാറ്റുന്നതിന് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; ആയതിന്റെ പുരോഗതി വിശദമാക്കാമോ? | (എ) | ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംരംഭ മേഖലയോട് ചേർത്ത് കൊണ്ട് പോകാൻ പര്യാപ്തമായ രീതിയിൽ എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ Translational Research Centre സ്ഥാപിച്ചിട്ടുണ്ട്. സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ Teaching and Learning methods പരിഷ്കരിക്കുന്നതിനായി എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ Human Resources Development Centre ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് സംയുക്ത ബിരുദം, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ, വിദ്യാർത്ഥികളുടെ കൈമാറ്റം, അധ്യാപക കൈമാറ്റം, ട്രിനിങ് പ്രോഗ്രാമുകൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചർച്ചകളും നടപടികളും സർവകലാശാല തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. സർവകലാശാലയുടെ ഓണേഴ്സ്, മൈനേഴ്സ്, MOOC കോഴ്സുകൾ, ചലഞ്ച് കോഴ്സുകൾ തുടങ്ങിയ ഉദ്യമങ്ങളിലെ വിദ്യാർത്ഥി പങ്കാളിത്തം സർവകലാശാല വിഭാവനം ചെയ്തിട്ടുള്ള അക്കാദമിക ഗുണനിലവാരത്തെ സാധൂകരിക്കുന്നു. ഇത്തരത്തിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയെ സമഗ്രമായി ടെക്നോളോജിക്കൽ ഹബ്ബ് ആക്കി മാറ്റുന്നതിനുള്ള നടപടികളാണ് എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്വീകരിച്ചു വരുന്നത്.<br><br>ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വ്യവസായിക അക്കാഡമിക് സംയോജിത ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | കമ്പനി നിയമ പ്രകാരം സ്ഥാപിച്ച ഒരു സ്ഥാപനമാണ് ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് വ്യവസായിക മേഖലയിലെ വിദഗ്ധരുമായി ചേർന്ന് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനുള്ള അവസരം ഇവിടെ ലഭ്യമാക്കുന്നു. കമ്പനികൾക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്പെടുത്താനാവും വിധം ഇലക്ട്രോണിക് ലബോറട്ടറി സജ്ജമാക്കിയിട്ടുണ്ട്. ഇലക്ട്രിക് വെഹിക്കിൾ മോട്ടോർ ടെസ്റ്റ് ചെയ്യുന്നതിനുള്ള സെന്റർ ശ്രീകാര്യം എനർജി മാനേജ്മെന്റ് സെന്ററിൽ സ്ഥാപിച്ചു വരുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ അവശ്യ ഘടകങ്ങളായ മോട്ടോർ കൺട്രോൾ ബാറ്ററി, ബാറ്ററി മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയവയുടെ ഗവേഷണവും രൂപകൽപ്പനയും, വികസനവും നടപ്പാകുന്നുന്നതിനയി ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ വിളപ്പിൽശാലയിൽ പുതിയ ഇ വി പാർക്ക് സ്ഥാപിക്കുന്നതിനായി നടപടികൾ പുരോഗമിച്ചു വരുന്നു. വിളപ്പിൽശാലയിൽ പുതിയ ക്യാംപസ് വരുന്നതോടെ കൂടുതൽ പൊതു ലബോറട്ടറി ടെസ്റ്റിംഗ് സംവിധാനങ്ങൾ സജ്ജമാക്കാൻ കഴിയുന്നതും തിരുവനന്തപുരത്തെ ടെക്നോളജി ഹബ്ബാക്കി മാറ്റാൻ സഹായിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ